# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## (സംഗ്രഹം)

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സി.പി.എ.എസ്) - കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ - ബി.ടെക് കോഴ്സ് (2015 അഡ്മിഷൻ മുതൽ) റഗുലേഷൻ R9.19 ഭേദഗതി വരുത്തിയും, R9.20 റദ്ദുചെയ്തും - ഉത്തരവാകുന്നു.

===================================================================================================

## അക്കാദമിക് വിഭാഗം

സ.ഉ.നം: 4657/എIV/2/2018/അക്കാദമിക് — പ്രിയദർശിനിഹിൽസ്, തീയതി: 07.06.2018

===================================================================================================

വായിക്കുക:-

1. പ്രിൻസിപ്പാൾ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ (സി.പി.എ.എസ്) 09/05/2018-ാം തീയതിയിൽ സമർപ്പിച്ച അപേക്ഷ.
2. തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് കോഴ്സ് റഗുലേഷൻ (2015 അഡ്മിഷൻ മുതൽ) R9.19, R9.20 ക്ലോസുകൾ.

## ഉത്തരവ്

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്-ന്റെ ഉടമസ്ഥതയിലുള്ള തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് കോഴ്സിന്റെ റഗുലേഷൻ വ്യവസ്ഥകൾ R9.19, R9.20 എന്നിവ സംബന്ധിച്ച് ചില ഭേദഗതികൾ നടപ്പിലാക്കണമെന്ന്, മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം ടി കോളേജ് പ്രിൻസിപ്പാൾ അപേക്ഷിച്ചിരുന്നു.

മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ടി കോഴ്സിന്റെ R9.19 റഗുലേഷൻ വ്യവസ്ഥ അനുസരിച്ച് ടി സ്ഥാപനത്തിലെ 2015 അഡ്മിഷൻ മുതലുള്ള ബി.ടെക് കോഴ്സ് വിദ്യാർത്ഥികൾക്ക് ബാധകമായ പരീക്ഷാ സംബന്ധമായ നിബന്ധന താഴെപറയും പ്രകാരമാണ്:

''തിയറി കോഴ്സുകളുടെ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകളും, പ്രാക്ടിക്കൽ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷകളും, ഗ്രാഡുവേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും റഗുലർ പരീക്ഷാ ഫലം വന്നതിനുശേഷം ഉടനടി നടത്തേണ്ടതും, ആയത് തൊട്ടടുത്ത സീനിയർ സെമസ്റ്റർ ക്ലാസുകൾ തുടങ്ങുന്നതിനുമുമ്പ് ആയിരിക്കേണ്ടതുമാണ്.''

R9.20 പ്രകാരമുള്ള നിബന്ധനയനുസരിച്ച്

''റഗുലർ പരീക്ഷാർത്ഥികളെ മാത്രമേ റഗുലർ പരീക്ഷകൾ എഴുതുവാൻ വേണ്ടി രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. സപ്ലിമെന്ററി പരീക്ഷാർത്ഥികളെ സപ്ലിമെന്ററി പരീക്ഷകൾക്കു വേണ്ടി മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ.''

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ ടി കോഴ്സിന്റെ റെഗുലേഷൻ വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഉത്തരവിട്ടു. എന്നാൽ വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III, 10(17) വകുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

[മറുപുറം]

പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ടി റെഗുലേഷനിലെ വ്യവസ്ഥ R9.19 താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നതിനും, R9.20 റദ്ദുചെയ്യുന്നതിനും അംഗീകാരം നൽകി.

R9.19 ഭേദഗതി:-

"തിയറി കോഴ്സുകളുടെ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകളും പ്രാക്ടിക്കൽ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷകളും തൊട്ടുതാഴെയുള്ള ജൂനിയർ വിദ്യാർത്ഥികളുടെ ബാച്ചിന്റെ റഗുലർ വിദ്യാർത്ഥികളുടെ ബാച്ചിന്റെ റഗുലർ പരീക്ഷാ ഷെഡ്യൂൾ പ്രകാരം നടത്തപ്പെടുന്ന പരീക്ഷകളോടൊപ്പം എഴുതാവുന്നതായിരിക്കും."

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ (സി.പി.എ.എസ്) തൊടുപുഴ കോളേജ് ഓഫ് എഞ്ചിനീയറിംഗ്-ലെ ബി.ടെക് കോഴ്സിന്റെ റഗുലേഷൻ വ്യവസ്ഥകൾ (2015 അഡ്മിഷൻ മുതൽ) മേൽ വിവരിച്ചിട്ടുള്ളത് പ്രകാരം ഇതിനാൽ ഭാഗികമായി ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:-

1. പ്രിൻസിപ്പാൾ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ
2. ഡയറക്ടർ, സി.പി.എ.എസ്
3. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
4. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
5. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ)
6. ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷൻ/ഇ.ബി.സെക്ഷൻ/സിറ്റെക്സ് സെക്ഷൻ
7. എസി.സി. I & II/ലീഗൽ സെക്ഷനുകൾ
8. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഇ.എ I&II സെക്ഷനുകൾ
9. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

ഫയൽ നം. 5222-A/SF III-2/2014-15

മഹാത്മാഗാന്ധി സർവ്വകലാശാല